# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1980** **08.03.2018-ൽ മറുപടിയ്ക്ക്**

## കെ. എസ്. എഫ്. ഇ. പ്രവാസി ചിട്ടി

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കിഫ്ബി പദ്ധതികളുടെ ധനസമാഹരണാർത്ഥം കെ. എസ്. എഫ്. ഇ. ആരംഭിക്കുന്ന പ്രവാസി ചിട്ടിയിലൂടെ എത്ര കോടി രൂപയുടെ ധനസമാഹരണമാണ് ലക്ഷ്യം വയ്ക്കുന്നത്; ഈ ചിട്ടി ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; | (എ) | അടുത്ത 3 വർഷങ്ങൾ കൊണ്ട് 10,000 കോടി രൂപയുടെ ധനസമാഹരണമാണ് പ്രവാസി ചിട്ടിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഈ ചിട്ടി ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ച് വരുന്നു. |
| (ബി) | കെ. എസ്. എഫ്. ഇ. ആരംഭിക്കുന്ന പ്രവാസി ചിട്ടികളുടെ ആകർഷകമായ പ്രത്യേകതകൾ എന്തെല്ലാമാണെന്നറിയിക്കാമോ? | (ബി) | പ്രവാസികൾക്ക് ആകർഷകമായ നിരവധി പ്രത്യേകതകൾ കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടികളിൽ രൂപകല്പന ചെയ്തിട്ടുണ്ട്. അവയിൽ ചിലത് താഴെപ്പറയുന്നു.<br>1. ഏറെക്കുറെ സമ്പൂർണ്ണമായി ഓൺലൈൻ വഴി കൈകാര്യം ചെയ്യാവുന്ന രീതിയിലാണ് ഈ ചിട്ടികളുടെ രൂപകൽപ്പന. വിദേശത്ത് താമസിച്ചു കൊണ്ട് തന്നെ ചിട്ടിയിൽ ചേരാനും പണമടയ്ക്കുവാനും ലേലത്തിൽ പങ്കെടുക്കുവാനും ഇതു വഴി സാധിക്കുന്നു. മാത്രമല്ല കമ്പ്യൂട്ടർ വഴിയോ മൊബൈൽ ആപ്പ് വഴിയോ സ്വന്തം അക്കൗണ്ട് ഏതു സമയത്തും പരിശോധിക്കുവാൻ ഇടപാടുകാർക്ക് കഴിയുന്നു. സദാസമയവും പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കസ്റ്റമർ കെയർ സെന്റർ മറ്റൊരു പ്രത്യേകതയാണ്.<br>2. മറ്റ് ചിട്ടികളിൽ നിന്ന് വിഭിന്നമായി കുറേയധികം മൂല്യ വർദ്ധിത പദ്ധതികൾ പ്രവാസി ചിട്ടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇൻഷ്വറൻസ് പരിരക്ഷയാണ് ആദ്യത്തേത്. ഇത് വഴി, ദൗർഭാഗ്യവശാൽ ചിട്ടി ഇടപാടുകാരൻ/കാരി മരിക്കുകയോ അല്ലെങ്കിൽ തൊഴിലെടുക്കാൻ സാധിക്കാത്ത വിധം അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ 10 ലക്ഷം രൂപ വരെയുള്ള ബാദ്ധ്യതകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.<br>3. ദൗർഭാഗ്യവശാൽ വരിക്കാരൻ/കാരി വിദേശത്തു വച്ച് മരണമടഞ്ഞാൽ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള സഹായിയുടെ ഉൾപ്പെടെ ഒരു ലക്ഷം രൂപവരെയുള്ള യാത്രാച്ചെലവ് കെ.എസ്.എഫ്.ഇ വഹിക്കുന്നതാണ്.<br>4. പ്രവാസി ഇടപാടുകാരൻ/കാരി ആവശ്യപ്പെടുന്നതനുസരിച്ച് |

| | | | |
|---|---|---|---|
| | | | ചിട്ടി വിളിച്ചെടുക്കുമ്പോൾ തുക പെൻഷൻ ഫണ്ടിലേക്ക് മാറ്റാവുന്നതാണ്.<br>5. പ്രവാസി ചിട്ടിയിലടയ്ക്കുന്ന പണം കെ.എസ്.എഫ്.ഇ യും കിഫ്ബിയും തമ്മിലുള്ള സവിശേഷ കരാറിലൂടെ കിഫ്ബിയിലെത്തുകയും അതിന് ചിട്ടിപ്പണം നൽകിയതിനു ശേഷം ബാക്കി വരുന്ന സംഖ്യ കേരളത്തിന്റെ പശ്ചാത്തല വികസനത്തിന് ഉപയോഗിക്കാവുന്നതുമാണ്. ഇത് വഴി വിദേശത്തു താമസിച്ച് കൊണ്ട് തന്നെ പ്രവാസിക്ക് കേരള വികസനത്തിൽ പങ്കാളികളാകാൻ കഴിയുന്നു. |

M Ashin

സെക്ഷൻ ഓഫീസർ